I/134328/2023

**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഇന്റേണൽ വിജിലൻസ് ഓഫീസറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ്കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- സിറ്റിസൺ അസിസ്റ്റന്റ്- ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി-2- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. അക്ബർ അലി, എം എൽ എ റോഡ് അത്താലൂർ എന്നയാൾ തന്റെ കെട്ടിടത്തിന് നമ്പർ ലഭ്യമായിട്ടില്ലെന്ന് ബഹു. മന്ത്രിക്ക് നൽകിയ പരാതി
2. ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി(2) യുടെ 13/11//2023 തിയതിയിലെ തീരുമാനം

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 24-11-2023**

ശ്രീ അക്ബർ അലി, എംഎൽഎ റോഡ്, അത്താലൂർ, കൊടുന്തിരപ്പള്ളി എന്നയാൾ തന്റെ കെട്ടിടത്തിന് പിരായിരി പഞ്ചായത്തിൽ നിന്നും നമ്പർ അനുവദിച്ച് കിട്ടിയിട്ടില്ലെന്ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച പരാതി പരിഗണിച്ചു. ഇതു സംബന്ധിച്ച് പിരായിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി. പരാതിക്കാരൻ പഞ്ചായത്തിൽ കെട്ടിട നമ്പർ ലഭിക്കുന്നതിനായി നിയമാനുസൃതം ലഭ്യമാക്കേണ്ട പ്ലാനും അനുബന്ധ രേഖകളും സഹിതം അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പരാതിക്കാരൻ സമർപ്പിച്ച കത്തിനു മറുപടിയായി കെട്ടിടത്തിന്റെ പ്ലാനും അനുബന്ധ രേഖകളും സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് പരാതിക്കാരനെ പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ നിയമാനുസൃതമുള്ള പ്ലാനും അനുബന്ധ രേഖകളും സഹിതം അപേക്ഷ സമർപ്പിക്കുന്നതിന് പരാതിക്കാരനെ ഒന്നുകൂടി അറിയിക്കുന്നതിനും, ഇപ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം പരിശോധന പൂർത്തിയാക്കി കെട്ടിടനമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു

കെ സതീഷ്കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ

Signed by Satheeshkumar K
Date: 24-11-2023 21:56:06
Reason: Approved

പകർപ്പ്: സെക്രട്ടറി